2282
9/2/21

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - തൃശ്ശൂർ ജില്ല - പ്രളയം 2019 – ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും സാധ്യതയുള്ള പ്രദേശങ്ങളിൽ നിന്നും ആൾക്കാരെ മാറ്റിപ്പാർപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്**

**സ.ഉ. (സാധാ) നം.471/2021 /റവ.** **തിരുവനന്തപുരം, തീയതി, 04.02.2021**

==========================================================================

പരാമർശം:-
1. തൃശ്ശൂർ ജില്ലാ കളക്ടറുടെ 19.11.2020 തീയതിയിലെ DCTSR/5916/2020-A13 നമ്പർ കത്ത്.
2. 19.08.2019 തീയതിയിലെ സ.ഉ.(സാധാ) നം.520/2019/ദു.നി.വ.
3. 23.08.2019 തീയതിയിലെ സ.ഉ.(കൈ) നം.25/2019/ദു.നി.വ.
4. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നിയോഗിച്ച വിദഗ്ധ സംഘത്തിന്റെ സർവ്വേ റിപ്പോർട്ട്.

## ഉത്തരവ്

ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും സാധ്യതയുള്ള മേഖലകളിൽ താമസിക്കുന്നവരെ മാറ്റിപാർപ്പിക്കുന്നതിന് തൃശ്ശൂർ ജില്ലയ്ക്ക് ഫണ്ട് അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു. സംസ്ഥാന വ്യാപകമായി ധാരാളം മണ്ണിടിച്ചിലുകളും ഉരുൾപൊട്ടലുകളും ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അത്തരം മേഖലകളിൽ നിന്നും മുൻ കരുതൽ എന്ന നിലയിൽ പൊതുജനങ്ങളെ ഒഴിപ്പിച്ച് മാറ്റി പാർപ്പിക്കുന്നതിനായി പ്രസ്തുത മേഖലകൾ കണ്ടെത്താൻ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശുപാർശ പ്രകാരം സംസ്ഥാന വ്യാപകമായി 49 ടീമുകളെ ചുമതലപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിദഗ്ധ സംഘം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പരാമർശം (2) പ്രകാരം നിയോഗിച്ച വിദഗ്ധ സംഘത്തിന്റെ പരിശോധന റിപ്പോർട്ട് പ്രകാരം തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, കൊടുങ്ങല്ലൂർ, മുകുന്ദപുരം, കുന്നംകുളം താലൂക്കുകളിൽ യഥാക്രമം 2,8,9,3 വീടുകൾ ദുരന്ത സാധ്യതയുള്ള മേഖലയിലാണെന്നും പ്രസ്തുത വീടുകൾ മാറ്റി പാർപ്പിക്കുന്നതിന് തുക അനുവദിക്കണമെന്നും ബന്ധപ്പെട്ട തഹസിൽദാർമാർ ആവശ്യപ്പെട്ടിട്ടുള്ളതായി തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പരാമർശം (2) പ്രകാരം നിയോഗിച്ച വിദഗ്ധ സംഘം പഠനം നടത്തി വാസയോഗ്യമല്ലെന്ന് കണ്ടെത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച വീടുള്ള സ്ഥലത്ത് നിന്നും മാറി സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനോ സ്ഥലവും വീടും

ഒരുമിച്ച് വാങ്ങുന്നതിനോ 10 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് 23.08.2019 തീയതിയിലെ പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4. മേൽ ആവശ്യത്തിനായി തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, കൊടുങ്ങല്ലൂർ, മുകുന്ദപുരം, കുന്നംകുളം താലൂക്കുകളിലേയ്ക്ക് വിതരണം ചെയ്യുന്നതിനായി 22 കുടുംബങ്ങൾക്ക് 9,04,900/- (ഒൻപത് ലക്ഷത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപ നിരക്കിൽ ( 23.08.2019 തീയതിയിലെ സ.ഉ.(കൈ) 25/2019/ദു.നി.വ പ്രകാരം വീട് നിർമ്മിക്കുന്നതിന് അനുവദിക്കുന്ന 4 ലക്ഷം രൂപയിൽ നിന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും സമതല പ്രദേശങ്ങളിലെ വീടുകൾക്ക് അനുവദിക്കുന്ന 95,100/- രൂപ കിഴിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന 3,04,900/- (മൂന്ന് ലക്ഷത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപയും സ്ഥലം വാങ്ങുന്നതിനുള്ള 6 ലക്ഷം രൂപയും ചേർത്ത്) ആകെ 1,99,07,800/- (ഒരു കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി ഏഴായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കണമെന്ന് പരാമർശം (1) കത്ത് പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരം നിയോഗിച്ച വിദഗ്ധ സമിതി മാറ്റി പാർപ്പിക്കേണ്ടവരെന്ന് കണ്ടെത്തിയതും തൃശ്ശൂർ ജില്ലാ കളക്ടർ ശുപാർശ ചെയ്തതുമായ 22 കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി പരാമർശം (3) ലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലം വാങ്ങുന്നതിനും വീട് വെയ്ക്കുന്നതിനും 9,04,900/- രൂപ നിരക്കിൽ ആകെ **1,99,07,800/- രൂപ (ഒരു കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി ഏഴായിരത്തി എണ്ണൂറ് രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. വിതരണത്തിനാവശ്യമായിവരുന്ന **1,99,07,800/- രൂപ (ഒരു കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി ഏഴായിരത്തി എണ്ണൂറ് രൂപ മാത്രം)** 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് ,സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ നിന്നും തുക തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് നടപടി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രാരി രാജൻ**
**സ്പെഷ്യൽ സെക്രട്ടറി**

കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി , ഒബ്സർവേറ്ററി ഹിൽസ് വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

Bindumol.K.N

**സെക്ഷൻ ഓഫീസർ**